പുതിയ ആയുർവ്വേദ, ഹോമിയോ ആശുപത്രികൾ

23 (*320) ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ ഗ്രാമപഞ്ചായത്തുകളിലും സർക്കാർ ആയുർവ്വേദ, ഹോമിയോ ആശുപത്രികൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് നയപരമായ തീരുമാനം എടുത്തിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അവ നടപ്പിലാക്കാൻ അടിയന്തര നടപടി കൈക്കൊള്ളുമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ&ബി) എല്ലാ ഗ്രാമപഞ്ചായത്തുകളിലും ആയുർവ്വേദ, ഹോമിയോ ആശുപത്രികൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനമൊന്നും എടുത്തിട്ടില്ല. എങ്കിലും എല്ലായിടത്തും ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുക എന്നതാണ് സർക്കാരിന്റെ നയം. സ്ഥലം, കെട്ടിടം, ഫർണിച്ചർ എന്നീ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന പഞ്ചായത്തുകളിൽ സർക്കാരിന്റെ സാമ്പത്തിക നില മെച്ചപ്പെടുന്ന മുറയ്ക്ക് ആയുർവ്വേദ, ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

അനധികൃത ലാബുകളെയും സ്കാൻ സെന്ററുകളെയും നിയന്ത്രിക്കുന്നതിന് സംവിധാനം

24 (*321) ശ്രീ. മത്തായി ചാക്കോ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വകാര്യ ലാബുകളുടെയും സ്കാൻ സെന്ററുകളുടെയും എണ്ണം വർദ്ധിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അനധികൃത ലാബുകളുടെയും സ്കാൻ സെന്ററുകളുടെയും പ്രവർത്തനം തടയാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) അനധികൃത ലാബുകളിൽ രോഗനിർണ്ണയത്തിനുള്ള ശാസ്ത്രീയ സംവിധാനം ഇല്ലാത്തതിനാൽ ഇത്തരം ലബോറട്ടറികൾ നിയന്ത്രിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ഇ) ഒരോ രോഗ നിർണ്ണയത്തിന് വിവിധ സ്കാൻ സെന്ററുകളും ലാബുകളും വ്യത്യസ്ത തരത്തിലുള്ള റിപ്പോർട്ടുകൾ നൽകുന്നതും, വ്യത്യസ്തമായ ഫീസ് ഈടാക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly